REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 21-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പാർലമെന്റ് വർഷകാല സമ്മേളനത്തിന് ഇന്ന് തുടക്കമാകും; പ്രധാനമന്ത്രി നരേന്ദ്രമോദി സമ്മേളനത്തിന് മുമ്പ് മാധ്യമങ്ങളെ കാണും.
- രാഷ്ട്രീയ പാർട്ടികൾ ക്രിയാത്മക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.
- സംസ്ഥാനത്ത് ആറുലക്ഷം മഞ്ഞ കാർഡ് ഉടമകൾക്ക് റേഷൻ കടകൾ വഴി സൗജന്യ ഓണക്കിറ്റ് നൽകുമെന്ന് ഭക്ഷ്യവകുപ്പ്.
- നിപ സമ്പർക്കപ്പട്ടികയിൽ നിന്ന് 10 പേരെ കൂടി ഒഴിവാക്കി; പട്ടികയിൽ ശേഷിക്കുന്നത് 571 പേരെന്ന് മന്ത്രി വീണാ ജോർജ്.
- ഇന്ത്യൻ താരം കൊനേരു ഹംപി വനിതാ ഫിഡെ ചെസ്സ് ലോകകപ്പ് സെമി ഫൈനലിൽ പ്രവേശിച്ചു.

## വാർത്തകൾ വിശദമായി

പാർലമെന്റ് വർഷകാല സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ഓഗസ്റ്റ് 21 വരെ 21 ദിവസമാണ് രാജ്യസഭയും ലോക്സഭയും സമ്മേളിക്കുന്നത്. നിരവധി പ്രധാന നിയമനിർമ്മാണങ്ങളും മറ്റ് നടപടികളും ഇത്തവണത്തെ സമ്മേളനകാലത്ത് ഉണ്ടാകുമെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു ന്യൂഡൽഹിയിൽ പറഞ്ഞു. സമ്മേളനത്തിന് മുന്നോടിയായി ഇന്നലെ പാർലമെന്റ് അനക്സിൽ സർവ്വകക്ഷിയോഗം ചേർന്നിരുന്നു.

സർവ്വകക്ഷി യോഗം ക്രിയാത്മകമായിരുന്നുവെന്നും, കക്ഷി നേതാക്കൾ അവർ അവതരിപ്പിക്കാനുദ്ദേശിക്കുന്ന സുപ്രധാന വിഷയങ്ങൾ യോഗത്തെ അറിയിച്ചതായും കിരൺ റിജിജു പറഞ്ഞു. സുപ്രധാന വിഷയങ്ങളിൽ ചർച്ചയ്ക്ക് കേന്ദ്രം തയ്യാറാണെന്ന നിലപാട് യോഗത്തെ അറിയിച്ചിട്ടുണ്ട്. ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിന് ശേഷം ചേരുന്ന ആദ്യ പാർലമെന്റ് സമ്മേളനമാണിത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

17 ബില്ലുകളാണ് നടപ്പു സമ്മേളനകാലത്ത് അവതരിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ജൻ വിശ്വാസ് ഭേദഗതി ബിൽ, ദേശീയ കായിക ഭരണ ബിൽ, മെർച്ചന്റ് ഷിപ്പിംഗ് ബിൽ തുടങ്ങിയവയ്ക്ക് പുറമെ, കപ്പൽ മേഖലയിലെ ലേഡിംഗ് ബിൽ, സമുദ്ര ചരക്ക് നീക്ക ബിൽ, തീരദേശ ഷിപ്പിംഗ് ബിൽ, തുറമുഖ ബിൽ, ആദായനികുതി ബിൽ എന്നിവയും ഗവൺമെന്റ് കൊണ്ടുവരും.

ഓപ്പറേഷൻ സിന്ദൂറിലും, ഇന്ത്യാ- പാക് മധ്യസ്ഥത സംബന്ധിച്ച അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ പരാമർശത്തിലും വ്യക്തത ആവശ്യപ്പെടുമെന്ന് പ്രതിപക്ഷ കക്ഷികൾ ഇതിനകം അറിയിച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ പ്രധാനമന്ത്രി പാർലമെന്റിൽ പ്രസ്താവന നടത്തണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. പഹൽഗാം ഭീകരാക്രമണത്തിലും തുടർനടപടികളിലും സമ്പൂർണ ചർച്ച വേണമെന്ന് RSP നേതാവ് NK പ്രേമചന്ദ്രൻ യോഗത്തിൽ നിർദ്ദേശിച്ചു.

ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റ് ഉചിതമായി പ്രതികരിക്കുമെന്ന് റിജിജു മറുപടി നൽകി. ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റിസ് വർമ്മയെ ഇംപീച്ച് ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റിനു മാത്രമായി നടപടി തുടങ്ങാനാവില്ലെന്നും എല്ലാ പാർട്ടികളും ഇക്കാര്യത്തിൽ ഒന്നിച്ച് നിന്നാലേ അത് സാധ്യമാകൂ എന്നും റിജിജു പറഞ്ഞു. ജസ്റ്റിസ് വർമ്മയെ സ്ഥാനത്തു നിന്ന് നീക്കണമെന്ന പ്രമേയത്തിൽ ഇതിനകം നൂറിലേറെ MP മാർ ഒപ്പു വെച്ചിട്ടുണ്ട്.

✪✪✪

പാർലമെന്റ് വർഷകാല സമ്മേളനം ആരംഭിക്കുന്ന ഇന്ന് സഭകൾ ചേരുന്നതിന് തൊട്ടുമുമ്പ് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ മാധ്യമങ്ങളെ കാണും. സമ്മേളനകാലത്തെ കേന്ദ്ര നിലപാടും മറ്റു സുപ്രധാന നടപടികളും അദ്ദേഹം വിശദീകരിക്കുമെന്നാണ് റിപ്പോർട്ട്.

18-ാമത് ലോക്സഭയുടെ അഞ്ചാമത് സമ്മേളനമാണ് ഇന്ന് ആരംഭിക്കുന്നത്.

✪✪✪

BJP യിലെ C സദാനന്ദൻ മാസ്റ്റർ രാജ്യസഭാംഗമായി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 11-നാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ഇന്നലെ വിവിധ മലയാളി സംഘടനകൾ അദ്ദേഹത്തിന് ന്യൂഡൽഹിയിൽ സ്വീകരണം നൽകി. ഇന്ന് വൈകിട്ട് ന്യൂഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ ഡൽഹി മലയാളി പൗരാവലി സദാനന്ദൻ മാസ്റ്റർക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്.

✪✪✪

രാഷ്ട്രീയ പാർട്ടികൾ ക്രിയാത്മക രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ഓരോ രാഷ്ട്രീയ പാർട്ടിക്കും രാജ്യപുരോഗതിയോട് പ്രതിബദ്ധതയുണ്ടെന്നും, ഈ മനോഭാവം ഉറപ്പാക്കേണ്ടത് യുവജനങ്ങളുടെ കടമയാണെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യസഭാ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ എട്ടാമത് ബാച്ചിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി.

സംവാദങ്ങൾക്കും ചർച്ചകൾക്കും പേരുകേട്ട രാജ്യമാണ് ഇന്ത്യയെന്നും അർത്ഥവത്തായ ചർച്ചകളും ഗൗരവമേറിയ കൂടിയാലോചനകളും രാജ്യത്തെ വലിയ ഉയരങ്ങളിലെത്തിക്കുമെന്നും ജഗ്ദീപ് ധൻകർ അഭിപ്രായപ്പെട്ടു. രാഷ്ട്രീയം എന്നത് ഏറ്റുമുട്ടലല്ലെന്നും, അത് ഒരിക്കലും ഏകപക്ഷീയമാകാൻ പാടില്ലെന്നും ധൻകർ പറഞ്ഞു.

✪✪✪

ഇത്തവണത്തെ ഓണക്കാലത്ത് റേഷൻ കടകൾ വഴി ആറുലക്ഷം മഞ്ഞ കാർഡ് ഉടമകൾക്ക് 15 ഇനങ്ങളടങ്ങിയ ഓണക്കിറ്റ് സൗജന്യമായി നൽകുമെന്ന് ഭക്ഷ്യവകുപ്പ് അറിയിച്ചു. അര ലിറ്റർ വെളിച്ചെണ്ണ, അര കിലോ പഞ്ചസാര, നെയ്യ്, കറിപ്പൊടികൾ എന്നിവയടക്കം സാധനങ്ങൾ കിറ്റിലുണ്ടാകും. ക്ഷേമസ്ഥാപനങ്ങളിലെ നാല് അംഗങ്ങൾക്ക് ഒന്ന് എന്ന കണക്കിലും കിറ്റ് സൗജന്യമായി നൽകും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...(വോയ്സ്)....

നീല കാർഡുകാർക്ക് 10 കിലോ അരിയും, വെള്ളക്കാർഡുകാർക്ക് 15 കിലോ അരി, കിലോയ്ക്ക് പത്ത് രൂപ 90 പൈസ പ്രകാരവും വിതരണം ചെയ്യും. 94 ലക്ഷം കാർഡുകാർക്ക് 10 കിലോ K റൈസ് 25 രൂപ നിരക്കിൽ നൽകും. നിലവിൽ 29 രൂപയ്ക്കാണ് K റൈസ് നൽകുന്നത്.

സംസ്ഥാന വ്യാപകമായി സപ്ലൈകോ ഓണച്ചന്ത നടത്തും. ഇക്കുറി തിരുവനന്തപുരത്തിന് പുറമേ പാലക്കാട്ടും മെഗാഫെയർ ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ നിന്ന് 10 പേരെ കൂടി ഒഴിവാക്കിയതോടെ നിലവിൽ 571 പേരാണ് പട്ടികയിൽ ശേഷിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് അറിയിച്ചു. പാലക്കാട്ട് 418 പേരും, കോഴിക്കോട്ട് 89 പേരും, മലപ്പുറത്ത് 62 പേരും പട്ടികയിലുണ്ട്.

പാലക്കാട് ജില്ലയിൽ കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ച 18 വാർഡുകളിലെ നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

പരിവാഹൻ വ്യാജ ആപ്ലിക്കേഷൻ വഴി രാജ്യവ്യാപകമായി ഓൺലൈൻ തട്ടിപ്പ് നടത്തിവന്ന സംഘത്തെ കൊച്ചി സൈബർ പൊലീസ് വാരണാസിയിൽ അറസ്റ്റ് ചെയ്തു. ഉത്തർപ്രദേശ് സ്വദേശികളായ അതുൽ കുമാർ സിങ്, മനീഷ് യാദവ് എന്നിവരാണ് സൈബർ പൊലീസിന്റെ പിടിയിലായത്. വാഹനത്തിന് ഫൈൻ അടയ്ക്കാൻ എന്ന പേരിൽ വ്യാജ APK ഫയലുകൾ വാട്സ് ആപ്പ് വഴി അയച്ചു നൽകിയാണ് സംഘം തട്ടിപ്പ് നടത്തിയിരുന്നത്.

വ്യാജ പരിവാഹൻ ലിങ്ക് വഴി 85,000 രൂപ തട്ടിയെടുത്തതായി എറണാകുളം സ്വദേശി NCRP പോർട്ടലിൽ പരാതി നൽകിയിരുന്നു. തുടർന്നുണ്ടായ അന്വേഷണത്തിലാണ് തട്ടിപ്പ്സംഘം പിടിയിലായത്.

✪✪✪

പത്തനംതിട്ട ജില്ലാതല പട്ടയമേള മന്ത്രി K രാജൻ രാവിലെ ഉദ്ഘാടനം ചെയ്യും. കോന്നി, റാന്നി, ആറന്മുള, തിരുവല്ല നിയോജക

മണ്ഡലങ്ങളിലെ 268 പേർക്ക് പട്ടയം വിതരണം ചെയ്യും. മന്ത്രി വീണാ ജോർജ് മേളയിൽ അധ്യക്ഷയായിരിക്കും.

✪✪✪

സംസ്ഥാനം ആരോഗ്യരംഗത്ത് മികച്ച മുന്നേറ്റം തുടരുകയാണെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. സാധാരണക്കാരന് കുറഞ്ഞ ചെലവിൽ ചികിത്സ നേടാൻ കഴിയുന്ന ചുരുക്കം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്നും മന്ത്രി വ്യക്തമാക്കി. കൊല്ലം കരീപ്ര ഇടയ്ക്കിടത്ത് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് കാസർകോഡ് മുതൽ എറണാകുളം വരെ ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. മറ്റു ജില്ലകളിൽ പ്രത്യേക മുന്നറിയിപ്പുകളില്ല.

കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചിലയവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. ഈ ദിവസങ്ങളിൽ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ശബരിമലയിൽ കർക്കിടകമാസ പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി പത്തിന് നട അടയ്ക്കും. നിറപുത്തരി പൂജക്കായി ഈ മാസം 29 ന് വീണ്ടും നട തുറക്കും. 30-നാണ് നിറപുത്തരി.

✪✪✪

കോഴിക്കോട് മാമ്പുഴയിൽ കൂട്ടുകാർക്കൊപ്പം കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു. വെള്ളിപറമ്പ് സ്വദേശി നാസിൽ ആണ് ഒഴുക്കിൽപ്പെട്ട് മരിച്ചത്.

കണ്ണൂർ പള്ളിക്കുന്നിന് സമീപം കുളത്തിൽ കുളിക്കുന്നതിനിടെ കർണാടക സുള്ള്യ സ്വദേശി അഷ്തിക് എന്ന ദന്തൽ കോളജ് വിദ്യാർത്ഥിയും മുങ്ങി മരിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ -പാൽ ചുരം റോഡിൽ മണ്ണിടിഞ്ഞതിനെ തുടർന്ന് ഗതാഗതം പൂർണമായി നിരോധിച്ചു. വാഹനങ്ങൾ പേരിയ - നിടുംപൊയിൽ ചുരം വഴി പോകേണ്ടതാണെന്ന് ജില്ലാകലക്ടർ അറിയിച്ചു.

ബോയിസ് ടൗൺ റോഡിൽ ചെകുത്താൻ തോടിന് സമീപം മുമ്പ് മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്തു തന്നെയാണ് വീണ്ടും കൂറ്റൻ പാറകൾ ഇടിഞ്ഞു വീണത്.

✪✪✪

ജോർജിയയിലെ ബാറ്റുമിയിൽ വനിതാ ഫിഡെ ചെസ്സ് ലോകകപ്പിന്റെ സെമി ഫൈനലിൽ എത്തി കൊനേരു ഹംപി ചരിത്രത്തിൽ ഇടം നേടി. ക്വാർട്ടർ ഫൈനലിൽ ചൈനയുടെ സോങ് യുക്സിനെയാണ് കൊനേരു ഹംപി തോൽപ്പിച്ചത്.

ഇന്ന് വൈകിട്ട് ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ഇന്ത്യയുടെ ദിവ്യ ദേശ്മുഖും ഹരിക ദ്രോണവല്ലിയും മത്സരിക്കും.

✪✪✪

കോഴിക്കോട് കടലുണ്ടി പഞ്ചായത്തിനെ സമ്പൂർണ ചെസ്സ് ഗ്രാമമാക്കുന്ന പ്രത്യേക പദ്ധതി ഈ മാസം 26 ന് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ചാലിയത്ത് 100 കളിക്കാരുടെ 50 ടീമുകളുടെ മഹാ ചെസ്സ് മേളയിലൂടെയായിരിക്കും ഇതിന്റെ പ്രഖ്യാപനം. 2026 ജനുവരിയിൽ കടലുണ്ടിയെ സമ്പൂർണ ചെസ്സ് ഗ്രാമമായും പ്രഖ്യാപിക്കും.

കോവിഡാനന്തര കാലത്ത് കുട്ടികളിൽ കൂടുതലായി കാണുന്ന അലസത, അശ്രദ്ധ എന്നിവ മറികടക്കാനും ലഹരി വിരുദ്ധ പ്രതിരോധ പ്രചാരണ പ്രവർത്തനകൾക്ക് ശക്തി പകരുന്നതിനും ലക്ഷ്യമിട്ടാണ് ചെസ് ഗ്രാമം പദ്ധതി

✪✪✪

മലബാർ റിവർ ഫെസ്റ്റിവൽ പതിനൊന്നാം പതിപ്പിന്റെ ഭാഗമായി തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാംപാറയിൽ റിവർ റാഫ്റ്റിംഗ് സംഘടിപ്പിച്ചു. ഈ മാസം 24 മുതൽ 27 വരെ തുഷാരഗിരിയിലെ ചാലിപ്പുഴയിലും, ഇരുവഴിഞ്ഞിപ്പുഴയിലുമാണ് മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.

ഇന്ന് രാവിലെ വയനാട് ചുരം ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ ചുരം മഴയാത്ര സംഘടിപ്പിക്കും. ലക്കിടിയിൽ നിന്നാരംഭിച്ച് നാലാം വളവിൽ അവസാനിക്കുന്ന രീതിയിലാണ് യാത്ര.

✪✪✪

കാലിക്കറ്റ് സർവകലാശാല ക്യാമ്പസിലെ കോളേജ് പ്രൊഫഷണൽ സ്പോർട്സ് ലീഗ് ഫുട്ബോളിൽ മഹാരാജാസ് സ്ട്രൈക്കേഴ്സും,
SK സിയൻസും ജേതാക്കളായി. മഹാരാജാസിന്റെ M വാസുദേവാണ് പ്ലെയർ ഓഫ് ദി മാച്ച്.

ഇന്നലെ അവസാന മത്സരത്തിൽ സമോറിൻസ് ZGC, ഡിയാഗോ സ്പോർട്സ് UC തിരുവനന്തപുരത്തെയും തോൽപ്പിച്ചു.

✪✪✪

ഛത്തീസ്ഗഡിൽ സംഘടിപ്പിച്ച നാഷണൽ കിക്ക്ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ കണ്ണൂർ കാടാച്ചിറ ആഡൂരിലെ ദീക്ഷിത് പ്രവീൺ സ്വർണ്ണം നേടി. അബുദാബി ഇന്റർനാഷണൽ ചാമ്പ്യൻഷിപ്പിലേക്ക് ദീക്ഷിതിനെ തെരഞ്ഞെടുത്തു. മുൻവർഷങ്ങളിൽ കിക്ക്ബോക്സിങ്ങ്, വുഷു മത്സരങ്ങളിൽ താരം സ്റ്റേറ്റ് ചാമ്പ്യൻഷിപ്പ് നേടിയിട്ടുണ്ട്.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് സീസൺ-2 തിരുവനന്തപുരത്ത് മന്ത്രി V അബ്ദുറഹിമാൻ ലോഞ്ച് ചെയ്തു. അഞ്ചു വർഷത്തിനകം രാജ്യത്തെ മികച്ച ആഭ്യന്തര ടീമായി മാറാൻ KCL ന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത മാസം 21 നാണ് KCL ആരംഭിക്കുന്നത്. ചടങ്ങിൽ KCL ഭാഗ്യചിഹ്നങ്ങളായ ബാറ്റേന്തിയ കൊമ്പൻ, ചാക്യാർ, വേഴാമ്പൽ എന്നിവയും മന്ത്രി പ്രകാശനം ചെയ്തു. സംസ്ഥാനത്ത് പര്യടനം നടത്തുന്ന ടൂർണമെന്റ് പ്രചാരണ വാഹനം സഞ്ജു സാംസണും, കീർത്തി സുരേഷ്, VK പ്രശാന്ത് MLA യും ചേർന്ന് പ്രകാശനം ചെയ്തു.

✪✪✪

ജർമനിയിലെ ബർലിനിൽ ലോക സർവകലാശാല ഗെയിംസ് ബാഡ്മിന്റണിൽ ഇന്ത്യ ആദ്യമായി മെഡൽ നേടി ചരിത്രം കുറിച്ചു. മിക്സഡ് ടീം ഇനത്തിൽ ചൈനീസ് തായ്പേയിയോട് പരാജയയപ്പെട്ടെങ്കിലും ഇന്ത്യ വെങ്കല മെഡൽ ഉറപ്പിക്കുകയായിരുന്നു. വനിതാ സിംഗിൾസിൽ ഇന്ത്യയുടെ ദേവിക സിഹാഗ്, ഹുയാങ് ചിങ് പിങ്നെ തോൽപ്പിച്ചു.സതീഷ് കുമാർ കരുണാകരൻ നേതൃത്വം

നൽകുന്ന ഇന്ത്യൻ ടീം ക്വാർട്ടറിൽ കഴിഞ്ഞ ദിവസം മലേഷ്യയെ തോൽപ്പിച്ചിരുന്നു.

നീന്തലിൽ പുരുഷന്മാരുടെ 100 മീറ്റർ ഫ്രീസ്റ്റൈലിൽ ശ്രീഹരി നടരാജ് മികച്ച സമയം കുറിച്ച് റെക്കോർഡ് നേട്ടം തുടരുകയാണ്.

✪✪✪

2027, 2029, 2031 വർഷങ്ങളിലെ ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ്ഫൈനലുകൾ ഇംഗ്ലണ്ടിൽ നടത്തുമെന്ന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ അറിയിച്ചു. സിംഗപ്പൂരിൽ ഇന്നലെ ചേർന്ന കൗൺസിലിന്റെ വാർഷിക സമ്മേളനത്തിലാണ് ഇക്കാര്യം അറിയിച്ചത്.

✪✪✪

ആകാശവാണി വാർത്താ വിഭാഗം മുൻ ഡെപ്യൂട്ടി ഡയരക്ടർ ഡോ. K പരമേശ്വരന്റെ രണ്ട് പുസ്തകങ്ങൾ കോഴിക്കോട്ട് പ്രകാശനം ചെയ്തു. 'മധുര മനോജ്ഞം മോഹനം ഈ ജീവിതം', 'കേരളത്തിന്റെ ഭാഗ്യരേഖ' എന്നീ പുസ്തകങ്ങളാണ് പ്രൊഫ. ശ്രീശൈലം ഉണ്ണികൃഷ്ണൻ പ്രകാശനം ചെയ്തത്. ആകാശവാണി പ്രോഗ്രാം മേധാവിയായിരുന്ന KM നരേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു.

✪✪✪

ആലുവായിലെ ലോഡ്ജ് മുറിയിൽ ഇന്നലെ രാത്രി യുവതിയെ കൊലപ്പെടുത്തി ദൃശ്യങ്ങൾ വിഡിയോകോളിൽ പങ്കുവെച്ച യുവാവിനെ പൊലീസ് അറസ്റ്റു ചെയ്തു. കൊല്ലം കുണ്ടറ സ്വദേശി അഖിലയെ സുഹൃത്ത് നേര്യമംഗലം സ്വദേശി ബിനുവാണ് കൊലപ്പെടുത്തിയത്.

✪✪✪

മീനങ്ങാടിയിൽ ബൈക്കപകടത്തിൽ കബഡി ദേശീയ താരം അഭിഷേക് അടക്കം നാല് പേർക്ക് പരിക്കേറ്റു. കരണി സ്വദേശി വൈശാഖ് ഓടിച്ച ബൈക്ക് ഇടിച്ചായിരുന്നു വൈശാഖിന് പരിക്കേറ്റത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*